LIBRARY ARCHIVES Kerala Legislative Assembly

അദാനി പോർട്ട്സും ക്വാറി ക്രഷ് കമ്പനികളുമായുള്ള കരാർ

112 (3621) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയായ അദാനി പോർട്ട്സും തിരുവനന്തപുരം ജില്ലയിലെ മുക്കുന്നിമലയിൽ പ്രവർത്തിക്കുന്ന വൻകിട ക്വാറി ക്രഷ് കമ്പനികളും തമ്മിൽ പദ്ധതിക്കാവശ്യമായ ഗ്രാനൈറ്റ് എത്തിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ടാക്സസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില്പന നികുതി ഇനത്തിൽ സർക്കാർ ഖജനാവിലേക്ക് വരേണ്ട റവന്യൂ നഷ്ടപ്പെടുന്ന നിലയിൽ കോമ്പൗണ്ടിംഗ് നികുതി തുടരാൻ നീക്കം നടക്കുന്നതായി അറിയാമോ ;

(സി) ബന്ധപ്പെട്ട കമ്പനികൾ ഖനനം ചെയ്യുന്ന ഗ്രാനൈറ്റിന് 12.5 ശതമാനം നിരക്കിൽ തന്നെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കൃത്യമായി നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ ;

(ഇ) അദാനിയുമായുള്ള ഖനന കരാർ തയ്യാറാക്കിയത് ഗ്രാനൈറ്റിന് നികുതി ഉൾപ്പെടെയുള്ള തുക കണക്കാക്കികൊണ്ടാണെന്നത് അറിയാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 2014-15-ൽ മെറ്റൽ ക്രഷർ കോമ്പൗണ്ടിംഗിന്റെ നികുതി നിരക്ക് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മാന്യഫാക്ച്ചേർഡ് സാൻഡ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്കുകൂടി കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാൻ 2014-ലെ ധനകാര്യ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വലിയ ബ്ലോക്കുകളായുള്ള പാറക്ഷണങ്ങളുടെ വിൽപ്പന കോമ്പൗണ്ടിംഗിന്റെ പരിധിയിൽപ്പെടുകയില്ല. ഇവയ്ക്ക് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ 6-ാം വകുപ്പുപ്രകാരമുള്ള നികുതി നിരക്കാവും ബാധകമാവുക. ഇതിൽ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ നികുതി അടയ്ക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നികുതി നിർവ്വഹണത്തിൽ കൃത്യവിലോപം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ഇ) അദാനിയുമായി ഖനനം സംബന്ധിച്ചുള്ള ഒരു കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.